7. സിക്കിൾസെൽ (അരിവാൾ) രോഗബാധിതരായ ആദിവാസികൾക്ക് ഇപ്പോൾ 1000 രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ഇതു കൂടാതെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേക്കർ വീതം ഭൂമിയും വീടും നൽകാം. ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. 2015 മാർച്ച് 31-ന് മുൻപ് ഭൂമി വിതരണം പൂർത്തിയാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8. വേടർ സമുദായത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പാക്കും.

പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം

318 (667) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ പട്ടികവർഗ്ഗ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ദിവസവും സ്കൂളിൽ പോയി വരുന്നതിന് യാത്രാ സൗകര്യം ഒരുക്കുന്ന "ഗോത്ര സാരഥി "എന്ന പദ്ധതി നിലവിലുണ്ട്.

(ബി) പൊതു യാത്രാ സൗകര്യമില്ലാത്തതും, വിദൂരവും, ദുർഘടവുമായുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് വീട്ടിൽനിന്നും ദിവസവും പോയി വരാനാകുന്ന വിധം വാഹന സൗകര്യം ലഭ്യമാക്കി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗോത്ര സാരഥി പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഓട്ടോറിക്ഷ, ജീപ്പ്, മറ്റ് സ്വകാര്യ വാഹനങ്ങൾ എന്നിവ സങ്കേതങ്ങളിൽ വന്ന്

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ സ്കൂളിൽകൊണ്ടുപോകുന്നതിനും തിരികെ സ്കൂളിൽ നിന്നും വിദ്യാർത്ഥികളെ വീട്ടിലെത്തിക്കുന്നതിനും സ്കൂൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നു. ഇതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 2013-14 വർഷത്തിലാണ് പദ്ധതി ആരംഭിച്ചത്. ബഡ്ജറ്റ് വിഹിത മനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് യഥാസമയം തുക അനുവദിച്ചിരുന്നു. 2014-15 സാമ്പത്തിക വർഷം ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അർഹമായ സ്കൂളുകളുടെയും, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും വിവരം ഗ്രാമപഞ്ചായത്തുകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് സംസ്ഥാനത്തൊട്ടാകെ 255 സ്കൂളുകളിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി വരുന്നു.

പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ

319. (669) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ, കണ്ണൂരിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട് ; എത്ര തസ്തികകൾ നിലവിലുണ്ട് ; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ; വിശദാംശം നൽകാമോ ;

(ബി) സ്കൂളിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സ്കൂളിനായി വാഹനം വാങ്ങുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ 288 വിദ്യാർത്ഥികൾ പഠിക്കുന്നു. പ്രസ്തുത സ്കൂളിൽ 32 അദ്ധ്യാപക തസ്തികകളും 20 അനദ്ധ്യാപക തസ്തികകളും നിലവിലുണ്ട്. ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഇല്ല. സ്ഥിരം ജീവനക്കാർ ഇല്ലാത്ത 16 തസ്തികകളിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly